Government of Kerala

KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION

നം. കൈറ്റ്/2026/VC/2355 (3) തീയതി: 11.02.2026

## സർക്കുലർ

വിഷയം:- **കൈറ്റ് – പൊതുവിദ്യാഭ്യാസം – 'Key to Entrance' പൊതുപ്രവേശന പരീക്ഷകളിൽ പങ്കെടുക്കുന്ന ഹയർസെക്കന്ററി-വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂൾ കുട്ടികൾക്ക് AI സംവിധാനങ്ങൾ പ്രയോജനപ്പെടുത്തിക്കൊണ്ടുള്ള പ്രത്യേക പരിശീലനം നൽകുന്നത് സംബന്ധിച്ച്**

സൂചന:
1. സ.ഉ. (സാധാ) നം. 165/2018/പൊ.വി.വ തീയതി 10.01.18.
2. സ.ഉ. (സാധാ) നം. 2182/2025/GEDN തീയതി 04.02.2025.
3. കൈറ്റിന്റെ 02.02.2026 ലെ 32-ാമത് ഡയറക്ടർ ബോർഡ് മീറ്റിംഗിന്റെ മിനിറ്റ്സ്.

പൊതുവിദ്യാലയങ്ങളിൽ ഹയർസെക്കന്ററി-വൊക്കേഷണൽ ഹയർസെക്കന്ററി തലത്തിൽ പഠിക്കുന്ന കുട്ടികളുടെ എൻട്രൻസ് പോലുള്ള പൊതു പരീക്ഷയിൽ വിജയശതമാനം വർദ്ധിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കാൻ സൂചന 2 സർക്കാർ ഉത്തരവിൽ (പൊതുവിദ്യാഭ്യാസ ഗുണമേന്മ ഉയർത്തുന്നതിനും അക്കാദമിക നിലവാരം മെച്ചപ്പെടുത്തുന്നതിനുമുള്ള പ്രവർത്തന പദ്ധതി മാർഗനിർദേശങ്ങൾ അംഗീകരിച്ച) കൈറ്റിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഹയർ സെക്കന്ററി തലത്തിലെ എല്ലാ വിഭാഗം വിദ്യാർത്ഥികൾക്കും സാമ്പത്തിക പിന്നോക്കം, നഗര-ഗ്രാമ വ്യത്യാസം തുടങ്ങിയവയില്ലാതെ പൊതുപ്രവേശന പരീക്ഷയിൽ പങ്കെടുക്കുന്നതിന് പ്രത്യേക പരിശീലനം ക്രമീകരിക്കാൻ സൂചന 3 ലും തീരുമാനിച്ചിട്ടുണ്ട്. മേൽസാഹചര്യത്തിൽ 'Key to Entrance' എന്ന പരിശീലന പരിപാടി കൈറ്റ് വിക്ടേഴ്സ് ചാനലിന്റേയും മറ്റ് സാങ്കേതിക സൗകര്യങ്ങളുടേയും സഹായത്തോടെ കേരള ഇൻഫ്രാസ്ട്രക്ചർ ആന്റ് ടെക്നോളജി ഫോർ എഡ്യൂക്കേഷൻ (കൈറ്റ്) ക്രമീകരിക്കുന്നതാണ്. ഇതിനായി ഒരു **പോർട്ടലും** തയ്യാറാക്കിയിട്ടുണ്ട് (www.entrance.kite.kerala.gov.in). 2026 ലെ 'Key to Entrance' പരിശീലനം സംബന്ധിച്ച നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. 'Key to Entrance' പരിശീലനത്തിന് ചേരാൻ 11, 12 ക്ലാസുകളിലെ കുട്ടികൾക്ക് പോർട്ടലിൽ ക്രമീകരിച്ചിരിക്കുന്ന യൂസർ ഐ.ഡി.യും പാസ്‌വേഡും അതത് സ്കൂളിൽ നിന്ന് ലഭ്യമാക്കേണ്ടതാണ്. അതിനായി സ്കൂൾ പ്രിൻസിപ്പാൾ hsCAP/vhsCAP ലോഗിൻ ഉപയോഗിച്ചോ നോഡൽ ടീച്ചർ അവരവരുടെ ലോഗിൻ ഉപയോഗിച്ചോ കുട്ടികൾക്ക് ലോഗിൻ create ചെയ്ത് നൽകേണ്ടതാണ് (കുട്ടിയുടെ യൂസർ ഐ.ഡി. ഹയർ സെക്കന്ററി-വൊക്കേഷണൽ ഹയർ സെക്കന്ററി ആപ്ലിക്കേഷൻ നമ്പരാണ്. ഇത് പോർട്ടലിൽ ലഭ്യമാക്കിയിട്ടുണ്ട്. പാസ്‌വേഡാണ് പ്രിൻസിപ്പൽ/കരിയർ ഗൈഡ് ജനറേറ്റ് ചെയ്യേണ്ടത്). പോർട്ടലിലെ Downloads-ൽ കുട്ടികൾക്കും പ്രിൻസിപ്പൽ/നോഡൽ അധ്യാപകർക്കുമുള്ള യൂസർ ഗൈഡുകൾ നൽകിയിട്ടുണ്ട്.

2. പൊതു പ്രവേശന പരീക്ഷകൾക്കായി തയ്യാറെടുക്കുമ്പോൾ പ്രായോഗിക പരിശീലനം തന്നെ കുട്ടികൾക്ക് നൽകേണ്ടതുണ്ട്. അതിനാൽ കുട്ടികൾക്ക് പരിശീലിക്കുന്നതിനുള്ള Mock Tests പോർട്ടലിൽ ഒരുക്കിയിട്ടുണ്ട്. സംശയ നിവാരണത്തിനായി കൈറ്റ് വിക്ടേഴ്സ് സംപ്രേഷണം ചെയ്യുന്ന പരിശീലന ക്ലാസുകൾ ചാനൽ വഴിയും വെബ് പോർട്ടൽ (*entrance.kite.kerala.gov.in*) വഴിയും, youtube.com/itsvicters ചാനൽ വഴിയും ലഭ്യമാക്കിയിട്ടുണ്ട്.

3. കുട്ടിയുടെ പഠന വേഗത്തിനും പ്രകടനത്തിനുമനുസരിച്ച് പ്രത്യേക സ്റ്റഡി പ്ലാനുകൾ സോഫ്റ്റ്‌വെയർ തന്നെ ജനറേറ്റ് ചെയ്ത് ലഭ്യമാക്കുന്ന **എ.ഐ. സംവിധാനവും** പോർട്ടലിൽ ഈ വർഷം മുതൽ ഒരുക്കിയിട്ടുണ്ട്. കുട്ടി പങ്കെടുത്ത ഓരോ പരീക്ഷയുടേയും പുരോഗതി വിശകലനം നടത്തി വിവിധ ചോദ്യാവലികൾ ലഭ്യമാക്കുകയാണ് ഇതിലെ രീതി. Beginner, Intermediate, Excellent എന്നിങ്ങനെ മൂന്ന് തലത്തിലുള്ള ചോദ്യങ്ങൾ എ.ഐ. ടൂൾ ഉപയോഗിച്ച് കുട്ടിയുടെ സവിശേഷതയ്ക്കനുസരിച്ച് ലഭ്യമാക്കും. ഈ സംവിധാനങ്ങൾ കുട്ടികൾക്ക് പ്രയോജനപ്പെടുത്താവുന്നതാണ്.

4. ആദ്യ ടേമിലെ മോക് ടെസ്റ്റുകളും സ്റ്റഡി പ്ലാനുകളും **ഫെബ്രുവരി 12** മുതലും രണ്ടാം ടേമിലേത് **ഫെബ്രുവരി 20** മുതലും മൂന്നാം ടേമിലേത് **ഫെബ്രുവരി 25** മുതലും കുട്ടികൾക്ക് ലഭ്യമാകും.

5. Physics, Chemistry, Mathematics, Botany, Zoology, Economics, Accountancy, Business Studies, Political Science എന്നീ വിഷയങ്ങളെ അടിസ്ഥാനമാക്കിയുള്ള പരിശീലന പാഠഭാഗങ്ങളാണ് ആദ്യ ഘട്ടം ലഭ്യമാക്കുന്നത്. English, Reasoning, General Awareness വിഷയങ്ങൾ ഫെബ്രുവരി 25 മുതലും ലഭ്യമാകും.

6. എൻട്രൻസ് പരിശീലനത്തിൽ പങ്കെടുക്കുന്നതിന് താല്പര്യമുള്ള എല്ലാ കുട്ടികൾക്കും അവസരം നൽകേണ്ടതുണ്ട്. എന്നാൽ ഉപകരണങ്ങളുടേയും സൗകര്യങ്ങളുടേയും അപര്യാപ്തതയുള്ള കുട്ടികൾക്ക് സ്കൂളിൽ അതിനുള്ള സൗകര്യം ഒരുക്കുന്നതിന് സ്കൂൾ പ്രഥമാധ്യാപകർ/കരിയർ ഗൈഡ്/ നോഡൽ ടീച്ചർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ് (ഇക്കാര്യം സൂചന 1 സർക്കാർ ഉത്തരവിനോടൊപ്പമുള്ള ധാരണാപത്രത്തിൽ വ്യക്തമാക്കിയിട്ടുണ്ട്).

7. താല്പര്യമുള്ള എല്ലാ കുട്ടികൾക്കും പങ്കെടുക്കുന്നതിനുള്ള അവസരം ലഭ്യമാക്കുന്നതിനായി പരിശീലന വിവരം എല്ലാ രക്ഷിതാക്കളേയും അറിയിക്കുന്നതിന് PTA/MPTA/CPTA തുടങ്ങി സ്കൂളിലെ എല്ലാ തലങ്ങളിലും ഇതുമായി ബന്ധപ്പെട്ട അറിയിപ്പ് നൽകാവുന്നതാണ്.

8. 'Key to Entrance' പരിപാടിയുടെ ഭാഗമായ എല്ലാ പ്രവർത്തനങ്ങളുടെയും ഫലപ്രദമായ നടത്തിപ്പിനായി പ്രിൻസിപ്പലിന്റെ നേതൃത്വത്തിൽ HITC, കരിയർ ഗൈഡ്, NSS പ്രോഗ്രാം ഓഫീസർമാർ, സൗഹൃദ കോ-ഓർഡിനേറ്റർ തുടങ്ങിയവരുൾപ്പെടുന്ന ഒരു ടീമിനെ ചുമതലപ്പെടുത്താവുന്നതാണ്. പരമാവധി കുട്ടികളെ പരിപാടിയിൽ പങ്കെടുപ്പിക്കാനും ആവശ്യമായ പിന്തുണ നൽകാനുമുള്ള നടപടികൾ ഈ ടീമിന്റെ നേതൃത്വത്തിൽ തന്നെ സ്കൂളിൽ നടപ്പാക്കാവുന്നതാണ്.

9. സ്കൂൾ അധികൃതർക്ക് എൻട്രൻസ് പരിശീലന പരിപാടിയുമായി ബന്ധപ്പെട്ട സാങ്കേതിക സഹായങ്ങൾ ആവശ്യമെങ്കിൽ കൈറ്റിന്റെ അതത് ജില്ലാ ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്.

**കെ. അൻവർ സാദത്ത്**
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ

പകർപ്പ്:-

1. പൊതുവിദ്യാഭ്യാസ ഡയറക്ടർ - അറിവിലേയ്ക്ക്
2. എല്ലാ ആർ.ഡി.ഡി (എച്ച്.എസ്.ഇ), എ.ഡി (വി.എച്ച്.എസ്.ഇ) മാർക്കും
3. കൈറ്റിലെ എല്ലാ ജില്ലാ കോ-ഓർഡിനേറ്റർമാർക്കും
4. എല്ലാഹയർസെക്കന്ററി/വൊക്കേഷണൽ ഹയർസെക്കന്ററി സ്കൂൾ പ്രഥമാധ്യാപകർക്കും
5. എല്ലാ എച്ച്.ഐ.ടി.സി./കരിയർ ഗൈഡ്/എൻ.എസ്.എസ്. കോ-ഓർഡിനേറ്റർ/ സൗഹൃദ കോ-ഓർഡിനേറ്റർ/നോഡൽ ടീച്ചർമാർക്കും
6. സ്റ്റോക് ഫയൽ